# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.07.2025**

## പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യുകെ, മാൽദീവ്സ് സന്ദർശനത്തിന് തുടക്കമായി. ഇരുരാജ്യങ്ങളുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്താൻ സന്ദർശനം അവസരമൊരുക്കുമെന്ന് പ്രധാനമന്ത്രി.

2) അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന് അന്ത്യാഭിവാദ്യം അർപ്പിച്ച് ജനലക്ഷങ്ങൾ. ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ ഗ്രൗണ്ടിൽ പൊതുദർശനം തുടരുന്നു. സംസ്കാരം വലിയ ചുടുകാട്ടിൽ ഔദ്യോഗിക ബഹുമതികളോടെ ഇന്ന് നടക്കും

3) തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായ കരട് വോട്ടർ പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു.

4) നാളെ കർക്കടകവാവ്. പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ വാവുബലിക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

RNU TVPM

5) സംസ്ഥാനത്ത് കനത്ത മഴ തുടരും. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

6) ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം മാഞ്ചസ്റ്ററിൽ പുരോഗമിക്കുന്നു.

********************

## പ്രധാനമന്ത്രി - മാൽദീവ്സ്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ യുകെ, മാൽദീവ്സ് സന്ദർശനത്തിന് തുടക്കമായി.
ഇരുരാജ്യങ്ങളുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്താനും സാമ്പത്തിക സഹകരണം, തൊഴിലവസരങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്താനും സന്ദർശനം വഴിയൊരുക്കുമെന്ന് യാത്രയ്ക്ക് മുന്നോടിയായി നൽകിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് രാത്രിയോടെ ലണ്ടനിൽ എത്തുന്ന ശ്രീ മോദി, യുകെ പ്രധാനമന്ത്രി കിയ സ്റ്റാമറുമായി ഉഭയകക്ഷി ചർച്ച നടത്തും. ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനെയും പ്രധാനമന്ത്രി സന്ദർശിക്കും. രണ്ട് ദിവസത്തെ യുകെ പര്യടനം പൂർത്തിയാക്കി മറ്റന്നാൾ മാൽദീവ്സിലെത്തുന്ന അദ്ദേഹം പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും. 26 ന് നടക്കുന്ന മാൽദീവ്സ് 60-ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികളിൽ ശ്രീ മോദി വിശിഷ്ടാതിഥിയാകും.

RNU TVPM

********************

## വി എസ് (ഇൻട്രോ)

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് അന്ത്യാഭിവാദ്യം അർപ്പിച്ച് കേരളം. പൊതുദർശനം ആലപ്പുഴ കടപ്പുറത്തെ റിക്രിയേഷൻ ഗ്രൗണ്ടിൽ തുടരുകയാണ്. സിപിഐഎം ജില്ലാ കമ്മിറ്റി ഓഫീസിലും, പുന്നപ്രയിലെ വിഎസിൻറെ വസതിയിലും പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ പതിനായിരക്കണക്കിനാളുകളാണ് അന്തിമോപചാരം അർപ്പിച്ചത്.

കനത്ത മഴയിലും, ജനസാഗരമാണ് പ്രിയനേതാവിനെ അവസാനമായി ഒരുനോക്ക് കാണാൻ ആലപ്പുഴ കടപ്പുറത്ത് നിലയുറപ്പിച്ചിരിക്കുന്നത്. വിഎസിൻറെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ ആലപ്പുഴ വലിയ ചുടുകാട്ടിൽ ഇന്ന് നടക്കും. നാലു മണിക്കാണ് സംസ്കാരം നിശ്ചയിച്ചിരുന്നത് എങ്കിലും ജനത്തിരക്കു കാരണം വൈകുകയാണ്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ല പ്രതിനിധി ആർ.രവികുമാർ....

(വോയിസ്)

********************

**വിഎസ്- ചുടുകാട് രക്ത സാക്ഷി മണ്ഡപം**

പുന്നപ്ര വയലാർ രക്ത സാക്ഷികളുടെ ജീവൻ തുടിക്കുന്ന സ്മരണകൾ ഇരമ്പുന്ന വലിയ ചുടുകാട് രക്ത സാക്ഷി മണ്ഡപത്തിലാണ് വി.എസിൻ്റെയും അന്ത്യ വിശ്രമം. പി. കൃഷ്ണപിള്ള, കെ. ആർ ഗൗരിയമ്മ, ടി വി തോമസ് തുടങ്ങി ഒട്ടേറെ ജനകീയ നേതാക്കൾ അന്ത്യവിശ്രമം കൊള്ളുന്ന വലിയ ചുടുകാട് ഇനി വിഎസിൻറെ ഉജ്വലമായ സമരഗാഥകളുടെ കൂടി അവസാന സാക്ഷിയായി നിലകൊള്ളും.

RNU TVPM

********************

**ഉപരാഷ്ട്രപതി**

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. ജഗ്ദീപ് ധൻഖർ ഉപരാഷ്ട്രപതി സ്ഥാനത്തും നിന്നും തിങ്കളാഴ്ച രാജി വച്ച സാഹചര്യത്തിലാണ് നടപടി. രാജ്യസഭയിലെയും ലോക്സഭയിലെയും തിരഞ്ഞെടുക്കപ്പെട്ടതും നാമനിർദ്ദേശം ചെയ്യപ്പെട്ടതുമായ അംഗങ്ങളെ ഉൾപ്പെടുത്തി ഇലക്ടറൽ കോളേജ് സജ്ജമാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഒരുക്കങ്ങൾ പൂർത്തിയായ ഉടൻ തിരഞ്ഞെടുപ്പ് തിയതി പ്രഖ്യാപിക്കും.

********************

## പാർലമെൻറ്

വർഷകാല സമ്മേളനത്തിൻറെ മൂന്നാം ദിനവും പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളിലും നടപടി ക്രമങ്ങൾ തടസപ്പെട്ടു.

ബിഹാറിലെ വോട്ടർപട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിപക്ഷ പ്രതിഷേധം . ഇരു സഭകളിലും

നടപടികൾ രണ്ട് തവണ നിർത്തിവെച്ചെങ്കിലും പ്രതിഷേധം തുടർന്നതോടെ നടപടിക്രമങ്ങൾ

വേഗത്തിൽ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിയുകയായിരുന്നു. പ്രതിപക്ഷ ബഹളത്തിനിടെ ദേശീയ കായിക ഭരണനിർവഹണ ബില്ലും, ദേശീയ ഉത്തേജക വിരുദ്ധ (ഭേദഗതി)

ബില്ലും കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ ലോക്സഭയിൽ അവതരിപ്പിച്ചു.

********************

## കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ

രാജ്യത്തെ ആകാശവാണി, ദൂരദർശൻ കേന്ദ്രങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനുമുള്ള നടപടികൾ ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ. പ്രക്ഷേപണ സംവിധാനങ്ങളുടെ ഡിജിറ്റലൈസേഷൻ, സ്റ്റുഡിയോ, ട്രാൻസ്മിറ്റർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ

നവീകരണം തുടങ്ങിയവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം ലോക്സഭയിൽ അറിയിച്ചു. 2,539.61 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

********************

## കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ

കേരള തീരത്ത് കഴിഞ്ഞ മെയ്, ജൂൺ മാസങ്ങളിൽ ഉണ്ടായ കപ്പൽ അപകടങ്ങളുടെ പശ്ചാത്തലത്തിൽ ദുരിതബാധിതരായ ഒരു ലക്ഷത്തിലേറെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1000

RNU TVPM

രൂപ വീതവും 6 കിലോ അരിയും സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും നൽകിയതായി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. CMFRI നടത്തിയ പഠനത്തിൽ ഈ മേഖലയിലെ മത്സ്യ സാമ്പിളുകൾ സുരക്ഷിതമാണെന്ന് കണ്ടെത്തിയതായും കെ.സി വേണുഗോപാൽ എം.പിയുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി ലോക്സഭയിൽ വ്യക്തമാക്കി.

********************

## കരട് വോട്ടർപട്ടിക

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. . ആഗസ്റ്റ് 7 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകും. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30-ന് പ്രസിദ്ധീകരിക്കും

********************

RNUTVPM

## സപ്ലൈകോ

ഓണത്തിന് മുന്നോടിയായി സപ്ലൈകോ വില്പനശാലകളിൽ ഈ മാസം 31 വരെ ഹാപ്പി അവേഴ്സ് എന്ന പേരിൽ ഉച്ചയ്ക്ക് രണ്ടു മുതൽ നാലു വരെ തെരഞ്ഞെടുത്ത സബ്സിഡി ഇതര ഭക്ഷ്യവസ്തുക്കൾക്ക് വിലക്കുറവ് നൽകുന്നു. സാധാരണ ലഭിക്കുന്ന വിലക്കുറവിനെക്കാൾ 10% വരെ വിലക്കുറവ് ലഭിക്കും..

********************

## കർക്കടകവാവ് -ജില്ലകൾ

നാളെ കർക്കടകവാവ്. സംസ്ഥാനത്തെ പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിൽ വാവുബലിക്കായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. അരുവിക്കര , തിരുവല്ലം, ശംഖുമുഖം, തിരുമുല്ലവാരം, ആലുവ മണപ്പുറം, പെരുമ്പാവൂർ ചേലാമറ്റം, , പമ്പ ത്രിവേണി, വയനാട് തിരുനെല്ലി തുടങ്ങിയ കേന്ദ്രങ്ങളിൽ

പിതൃബലിതർപ്പണത്തിന് വിപുലമായ ക്രമീകരണങ്ങൾ എർപ്പെടുത്തിയിട്ടുണ്ട്. ബലി തർപ്പണത്തോട് അനുബന്ധിച്ച് വിവിധയിടങ്ങളിൽ നിന്നും കെഎസ്ആർടിസി പ്രത്യേക സർവീസ് നടത്തും. പോലീസിന്റെ നേതൃത്വത്തിൽ ശക്തമായ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

********************

## കർക്കടകവാവ് (ഇൻട്രോ)

കർക്കടക വാവുബലിയോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തി.
ഇന്ന് രാത്രി 10 മുതൽ നാളെ ഉച്ചയ്ക്ക് ഒരു മണി വരെയാണ് ഗതാഗത നിയന്ത്രണം.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

********************

## വാവ്ബലി- പത്തനംതിട്ട

പത്തനംതിട്ട ജില്ലയിൽ ശക്തമായ മഴ തുടരുന്ന പശ്ചാത്തലത്തിൽ കർക്കിട വാവ്ബലി തർപ്പണത്തിനായി പമ്പ, മണിമല, അച്ചൻകോവിൽ നദികളിൽ ഇറങ്ങുന്നവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കലക്ടർ. ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനാൽ അച്ചൻകോവിലാറ്റിൽ കല്ലേലി ഭാഗത്ത് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

********************

## പ്രക്ഷേപണ ദിനം- കൊച്ചി

ദേശീയ പ്രക്ഷേപണ ദിനത്തോട് അനുബന്ധിച്ച് ആകാശവാണി കൊച്ചിയും, ചാവറ കൾച്ചറൽ സെന്ററും, ഫെഫ്കയും സംയുക്തമായി സംഘടിപ്പിച്ച പരിപാടി ആകാശവാണി കൊച്ചി എൻജിനീയറിങ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ചലചിത്രത്തിലെ റേഡിയോ എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ സംവിധായരായ പ്രജേഷ് സെൻ,

RNUTVPM

രഞ്ജിത് ശങ്കർ, ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവ് എം വി ശശികുമാർ എന്നിവർ പങ്കെടുത്തു.

********************

<u>മഴ</u>

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. നാളെ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 27 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

********************

<u>ക്രിക്കറ്റ് -ടെസ്റ്റ്</u>

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം മാഞ്ചസ്റ്ററിലെ ഓൾഡ് ട്രാഫോർഡ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇംഗ്ലണ്ട് ഇന്ത്യയെ ബാറ്റിംഗിനയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 94 റൺസ് എന്ന നിലയിലാണ്. 5 മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

RNU TVPM

********************

<u>ഓഹരി+ സ്വർണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 540 പോയിൻറ് നേട്ടത്തിൽ 82,727ലും, നിഫ്റ്റി 159 പോയിൻറ് നേട്ടത്തിൽ 25,220ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 760 രൂപ വർധിച്ച് 75,040 രൂപയും ഗ്രാമിന് 9,380 രൂപയുമാണ് ഇന്നത്തെ വില.

********************

************

****